"ഭരണഭാഷ - മാതൃഭാഷ"

നം:-ഡി ജി ഇ/15133/2023-എച്ച് 2-Part (1)

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 22-02-2025

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം -സഹായിതം- സംസ്ഥാനത്തെ എയഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ആവശ്യമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :-

1. 25/06/2022 ലെ സ.ഉ(കൈ)111/2022/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
2. റിട്ട് പെറ്റിഷൻ നമ്പർ 19808/2021 തുടങ്ങിയ കേസുകളിൽ ബഹു. കേരള ഹൈക്കോടതി 10-08-2022 ന്റെ പുറപ്പെടുവിച്ച വിധിന്യായം.
3. 24-03-2023 ലെ സ.ഉ.(കൈ) നമ്പർ 29/2023/പൊ.വി.വ നമ്പർ ഉത്തരവ്.
4. 01.11.2023 24.01.2024 തീയതികളിലെ ജെ. ആർ1/502/2023/ പൊ.വി.വ നമ്പർ സർക്കാർ കത്തുകൾ.
5. 03.04.2024 തീയതിയിലെ ജെ. ആർ1/562/2023/പൊ.വി.വ നമ്പർ സർക്കാർ കത്ത്.
6. 11.04.2024 തീയതിയിലെ ജെ.ആർ1/17/2024/പൊ.വി.വ നമ്പർ സർക്കാർ കത്ത്.
7. 29.04.2024 തീയതിയിലെ ജെ.ആർ1/129/2023/പൊ.വി.വ നമ്പർ സർക്കാർകത്ത്
8. 03.05.2024 തീയതിയിലെ ജെ.ആർ1/147/2024/പൊ. വി.വ നമ്പർ സർക്കാർ കത്ത്.
9. 10.09.2024 തീയതിയിലെ ജെ.ആർ 1/304/2024/പൊ.വി.വ നമ്പർ സർക്കാർ പരിപത്രം.
10. 28/11/2024 ലെ ജെ ആർ 1/336/2024/പൊ.വി.വ നമ്പർ സർക്കാർ കത്ത്
11. 30/11/2024 ലെ ഇതേ നമ്പർ സർക്കുലർ
12. 13/12/2024 ലെ ജെ ആർ 1/336/2024/പൊ.വി.വ നമ്പർ സർക്കാർ കത്ത്

13. 13/12/2024 ലെ ഇതേ നമ്പർ

14. 19/12/2024 ലെ ജെ ആർ 1/336/2024/പൊ.വി.വ നമ്പർ സർക്കാർ കത്ത്

15. 21/02/2025 ലെ ജെ ആർ 1/336/2024/പൊ.വി.വ നമ്പർ സർക്കാർ കത്ത്

*************

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതു സംബന്ധിച്ചും ജീവനക്കാരുടെ നിയമനാംഗീകാരം സംബന്ധിച്ചും വിവിധ വിഷയങ്ങളിൽ പരാമർശം 1, 3, 4 സർക്കാർ ഉത്തരവുകളും സൂചന 5 മുതൽ 10 വരെയുള്ള സർക്കാർ കത്തുകളും സർക്കുലറും പ്രകാരം സർക്കാർ തലത്തിൽ നിന്നും പൊതു നിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ തുടർച്ചയായി പരാമർശം (10) സർക്കാർ കത്ത് പ്രകാരം ആവശ്യമായ പൊതു നിർദേശങ്ങൾ കൂടി സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ തുടർച്ചയായി, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും വിശദമായ മാർഗ നിർദേശങ്ങൾ അടങ്ങിയ സർക്കുലർ പരാമർശം (11) പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ, പ്രസ്തുത സർക്കുലറിലെ നിർദേശങ്ങൾ നടപ്പിലാക്കുന്നത് അടിയന്തരമായി നിറുത്തി വയ്ക്കേണ്ടതാണ് എന്ന് പരാമർശം (12) പ്രകാരം സർക്കാർ നിർദേശിച്ചിരുന്നു. പ്രസ്തുത സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ, പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (11) പ്രകാരം പുറപ്പെടുവിച്ച സർക്കുലറിലെ നിർദേശങ്ങൾ നടപ്പിലാക്കുന്നത് അടിയന്തരമായി നിറുത്തി വയ്ക്കുവാൻ എല്ലാ വിദ്യാഭ്യാസ അധികാരികൾക്കും പരാമർശം (13) പ്രകാരം നിർദേശം നൽകിയിരുന്നു. ഇപ്രകാരം തുടരവെ പരാമർശം (14) പ്രകാരം സർക്കാർ ഇതേ വിഷയത്തിൽ പുതുക്കിയ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയതിന്മേൽ നിലനിന്ന അവ്യക്തത നീക്കി പരാമർശം (15) പ്രകാരം, 30/11/2024 ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച ഇതേ നമ്പർ സർക്കുലർ പിൻവലിക്കുവാനും പരാമർശം (14) പ്രകാരം ലഭ്യമാക്കിയ സർക്കാർ കത്തിലെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ പുതുക്കിയ മാർഗനിർദേശങ്ങൾ അടിയന്തരമായി പുറപ്പെടുവിക്കുവാനും സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ, പരാമർശം (14) പ്രകാരമുള്ള സർക്കാർ കത്തിലെ നിർദേശങ്ങൾ പാലിച്ചു കൊണ്ട് അതതു വിദ്യാഭ്യാസ ഓഫീസുകളിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി താഴെപ്പറയുന്ന മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ടു പ്രൊവിഷണലായി ശമ്പള സ്കെയിലിൽ അംഗികാരം നൽകിയ എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് PEN അനുവദിക്കാനും PF അക്കൗണ്ട് തുടങ്ങാനും അനുമതി നൽകിയിട്ടുണ്ട്. മേൽ ജീവനക്കാർക്ക് ഗ്രൂപ്പ് ഇൻഷുറൻസിൽ അംഗത്വം എടുക്കുന്നതിനുള്ള അനുമതി കൂടി നൽകുന്നു. ടി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ, ഭിന്നശേഷി സംവരണത്തിന്റെ ഭാഗമായി പ്രൊവിഷണൽ അംഗീകാരം നേടിയ ജീവനക്കാർക്ക് ഗ്രൂപ്പ് ഇൻഷുറൻസിൽ അംഗത്വം ഉറപ്പാക്കേണ്ടതാണ്.

2) സർക്കാർ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരെ നിയമിച്ച എയ്ഡഡ് സ്കൂളുകളിലെ മറ്റു നിയമനങ്ങൾ റഗുലറായി ക്രമീകരിക്കുന്നതിനുള്ള നടപടികൾ കാലതാമസം കൂടാതെ പൂർത്തിയാക്കുവാൻ എല്ലാ വിദ്യാഭ്യാസ അധികാരികൾക്കും കർശന നിർദേശം നൽകുന്നു. ആയതിൽ വീഴ്ച വരുത്തുന്നത് കൃത്യവിലോപമായി കണക്കാക്കുന്നതാണ്.

3) പ്രൊവിഷണലായി നിയമനാംഗീകാരം ലഭിച്ച ജീവനക്കാരുള്ള സ്കൂളുകളിൽ/അതത് മാനേജ്മെന്റിൽ ഉയർന്ന തസ്തികകളിൽ ഒഴിവുണ്ടാകുമ്പോൾ, സീനിയോറിറ്റി അനുസരിച്ച്

പ്രൊവിഷണലായി നിയമനാംഗീകാരം ലഭിച്ചവരാണ് അർഹരാകുന്നതെങ്കിൽ അവർക്ക് ഉയർന്ന തസ്തികകളിൽ ചട്ടം 43 അവകാശം ഉള്ളതായി കണക്കാക്കി പ്രൊവിഷണലായി നിയമനാംഗീകാരവും ടി തസ്തികയിലെ ശമ്പളവും അനുവദിക്കാനും പരിണത ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്ക് ഒഴിവ് വരുന്ന തീയതി പരിഗണിച്ച് പ്രൊവിഷണലായോ, ദിവസവേതനത്തിലോ, ഏതാണോ ബാധകമാകുന്നത്, അപ്രകാരവും നിയമനാംഗീകാരം നൽകാനും എല്ലാ വിദ്യാഭ്യാസ അധികാരികൾക്കും അനുമതി നൽകുന്നു. ഈവിഷയത്തിൽ, ഇതിനോടകം നിരസിക്കപ്പെട്ടതോ, അപ്പീൽ പരിഗണനയിൽ ഉള്ളതോ ആയ എല്ലാ കേസുകളും മറ്റൊരു അപ്പലേറ്റ് ഉത്തരവിന് കാത്തിരിക്കാതെ നിയമാനുസൃതമായി പുന:പ്പരിശോധിച്ച് അർഹമായ തീർപ്പ്കൽപ്പിക്കേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ്:

(1) എല്ലാ ഹയർ സെക്കണ്ടറി ആർ ഡി ഡി മാരും

(2) എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി എ.ഡി മാരും

(3) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

പകർപ്പ്:

1. പ്രിൻസിപ്പൽ സെക്രട്ടറി,
 പൊതു വിദ്യാഭ്യാസ വകുപ്പ് ( ആമുഖ കത്ത് സഹിതം)

 സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,

1. ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറിവിഭാഗം
 (അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു)

2. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
 (അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു)

 സൂപ്രണ്ട്, എ, ഇ, എഫ്, ജി, ഇ.സി, ഇ.എം, ഇ.റ്റി, ആർ.എ, എം, എൻ.എസ്, ഐ.ഇ.ഡി,

3. എൻ.ഇ.പി സെക്ഷനുകൾ, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്
 (അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു)

4. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര
 (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുന്നു)